(ഡി) ഭാരതീയ ചികിത്സാ സമ്പ്രദായങ്ങളുടെ വികസനത്തിന് 2015-16 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 125 ലക്ഷം രൂപ വകയിരുത്തിട്ടുണ്ട്. കൂടാതെ കേന്ദ്രസഹായം ലഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തേയ്ക്ക് നാഷണൽ ആയുഷ് മിഷൻ സ്റ്റേറ്റ് ആന്വൽ ആയുഷ് പ്ലാൻ പ്രകാരം 1106.747 ലക്ഷം രൂപയുടെ പ്രൊപ്പോസലും സമർപ്പിച്ചിട്ടുണ്ട്.

ക്യാൻസർ രോഗികളുടെ എണ്ണം

39 (2248) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ച് വരുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ ;

(സി) സംസ്ഥാനത്ത് ഇപ്പോൾ എത്ര ക്യാൻസർ രോഗികളുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നടത്തിയിട്ടില്ല.

(സി) സംസ്ഥാനത്തെ മൊത്തം ക്യാൻസർ രോഗികളുടെ എണ്ണം കൃത്യമായി ലഭ്യമല്ല. എന്നാൽ കേരളത്തിൽ ഓരോ വർഷവും അമ്പതിനായിരത്തോളം പുതിയ ക്യാൻസർ കേസ്സുകൾ കണ്ടുപിടിക്കപ്പെടുന്നുണ്ട്.

ക്യാൻസർ രോഗികളുടെ വർദ്ധന

40 (2249) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിൽ ക്യാൻസർ രോഗികളുടെ എണ്ണം ക്രമാതീതമായി വർദ്ധിച്ചു വരുന്നു എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly